DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

27-02-2020

## കാർഷികമേഖലാവാർത്തകൾ

### കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ് പരിപാടി

ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതി പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഒന്നാം ഘട്ട കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ് ഇന്നു മുതൽ മാർച്ച് 23 വരെ പശു, എരുമ എന്നീ മൃഗങ്ങൾക്ക് കുത്തിവയ്പ് സൗജന്യമായി എല്ലാ ജില്ലകളിലും നടത്തപ്പെടുന്നു. കർഷകർ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുന്നതിനും മേൽപ്പറഞ്ഞ ഉരുക്കളെ കുളമ്പുരോഗത്തിൽ നിന്നും സംരക്ഷിക്കുന്നതിനും ഈ പദ്ധതി വിജയകരമാക്കുന്നതിനും സഹകരിക്കണമെന്ന് സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതി, പ്രോജക്ട് കോർഡിനേറ്റർ അറിയിക്കുന്നു. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് ഉച്ചയ്ക്ക് 2 മണിയ്ക്ക് തിരുവനന്തപുരം കുടപ്പനക്കുന്ന് ഗോരക്ഷാ ആസ്ഥാനത്ത് വച്ച് തിരുവനന്തപുരം എം.പി. ഡോ. ശശി തരൂർ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മൃഗസംരക്ഷണ വകുപ്പ് മന്ത്രി അഡ്വ. കെ. രാജു നിർവ്വഹിക്കുന്നു. ഗോരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട നഷ്ട പരിഹാരവിതരണം വട്ടിയൂർക്കാവ് എം.എൽ.എ അഡ്വ. വി.കെ. പ്രശാന്ത് നിർവ്വഹിക്കും.

## കേരഗ്രാമം ഉദ്ഘാടനം

നാളികേര കൃഷിയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് കേരള സർക്കാർ, കൃഷി വകുപ്പ് നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതിയ്ക്ക് ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ തുടക്കം കുറിക്കുന്നു. കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉത്പാദനം, ഉത്പാദനക്ഷമത ഇവ വർധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേരകൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് വിവിധങ്ങളായ പദ്ധതികളാണ് ഇതിലൂടെ നടപ്പിലാക്കുന്നത്. തടംതുറക്കൽ, ഇടവിളകൃഷി, ഉത്പാദനോപാധികൾ നൽകൽ, മണ്ണിര കമ്പോസ്റ്റ്, തെങ്ങ് കയറ്റ യന്ത്രം, രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റൽ, ജലസേചനത്തിനായുള്ള പമ്പ് സെറ്റ്, കുളം, കിണർ തുടങ്ങി വിവിധ ഇനങ്ങൾക്കായി ആനുകൂല്യം നൽകുന്നതാണ് ഈ ബൃഹത്പദ്ധതി. കേരഗ്രാമം പദ്ധതിയുടെയും കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ കേരകൃഷിയുടെ ഭാവി ഭദ്രതക്കായി തെങ്ങിൻ തൈ സൗഹൃദ ഗ്രാമങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച കേരനന്മപദ്ധതിയുടെയും ഉദ്ഘാടനം ഇന്ന് ഉച്ചയ്ക്ക് 2 മണിയ്ക്ക് ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടക്കുന്ന ചടങ്ങിൽ കായംകുളം എം.എൽ.എ. യു. പ്രതിഭയുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രി വി. എസ്. സുനിൽകുമാർ നിർവ്വഹിക്കുന്നു. ജീവനി പോഷകത്തോട്ടം തൈ വിതരണണോദ്ഘാടനം ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രജനി ജയദേവ് നിർവ്വഹിക്കും.

## ഓണാട്ടുകര എള്ളിന് ഭൗമസൂചക സംരക്ഷണം

ഓണാട്ടുകര പ്രദേശത്ത് ഉത്പാദിപ്പിക്കുന്ന എള്ളിനും എള്ളുത്പന്നങ്ങൾക്കും ഭൗമസൂചക പദവി നേടുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കേരള കാർഷിക ഗവേഷണ കേന്ദ്രത്തിലും ബൗദ്ധിക സ്വത്തവകാശ സെല്ലിലുമായി നടന്നുവരുന്നു. ഭൗമസൂചക പദവി ഓണാട്ടുകര എള്ളിന് ആഗോള പ്രശസ്തി നേടിക്കൊടുക്കുകയും അതുവഴി മെച്ചപ്പെട്ട വിപണി കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യും. ഇതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓണാട്ടുകര എള്ളിന് ഭൗമസൂചക സംരക്ഷണം എന്ന വിഷയത്തിൽ ഏകദിന ശില്പശാല ഇന്ന് രാവിലെ 11 മണി മുതൽ ഓണാട്ടുകര മേഖലാ കാർഷിക ഗവേഷണ കേന്ദ്രം, കായംകുളത്തു വച്ച് നടത്തപ്പെടുന്നു. പ്രസ്തുത ശില്പശാലയുടെ ഉദ്ഘാടനം 3 മണിയ്ക്ക് കായംകുളം എം.എൽ.എ. യു പ്രതിഭയുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് മന്ത്രി വി. എസ്. സുനിൽകുമാർ നിർവ്വഹിക്കുന്നു.

## പരിശീലന പരിപാടി

കേരള കാർഷിക സർവകലാശാല തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 2020 ഫെബ്രുവരി 29ന് ''പശു വളർത്തലിലെ നൂതന പ്രവണതകൾ' എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താത്പര്യമുള്ള കർഷകർ 9400483754 എന്ന ഫോൺ നമ്പറിൽ വിളിച്ച് (പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 5 വരെ) രജിസ്റ്റർ

ചെയ്യേണ്ടതാണ്. kvtkhrssiur@ kau.in , ansidsa@gmail.com എന്നീ ഈ മെയിൽ വിലാസത്തിലും രജിസ്റ്റർ ചെയ്യാവുന്നതാണ്.

## അറിയിപ്പ്

കോട്ടയം ജില്ലയിലെ വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി 2019-2020 വർഷത്തെ താറാവ് വളർത്തൽ പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം അടച്ചവരും ജീവനോപാധിയിൽ താറാവ് വളർത്തലിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളവരും ഇന്ന് രാവിലെ 8.30 ന് തുരുത്തി മൃഗാശുപത്രിയിൽ എത്തി താറാവിൻ കുഞ്ഞുങ്ങളെ കൈപ്പറ്റണമെന്ന് തുരുത്തി മൃഗാശുപത്രിയിലെ വെറ്ററിനറി സർജൻ അറിയിച്ചു.

## അറിയിപ്പ്

വെള്ളായണി കാർഷിക കോളേജ് ട്രെയിനിംഗ് സർവ്വീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ വിവിധ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. മാർച്ച് 3,4 തീയതികളിൽ ബഡ്ഡിങ് ആന്റ് ലയറിംഗ്, ബോൺസായി ആന്റ് ടെറേറിയത്തിലും 6,7 തീയതികളിൽ പഴം പച്ചക്കറി സംസ്കരണം, മാലിന്യ സംസ്കരണത്തിലും 12,13 ന് അടുക്കളത്തോട്ടം, പച്ചക്കറി സംസ്കരണം, ഹോർട്ടികൾച്ചർ തെറാപ്പിയിലും, 17,18 ന് തേനീച്ച കൃഷി, സംയോജിത കൃഷി, കരനെൽകൃഷിയിലും, 20,21 ന് പൂന്തോട്ട നിർമ്മാണം സൂഷ്മ ജലസേചനം എന്നിവയിലും പരിശീലനം നൽകുന്നു. പരിശീലനത്തിന് പങ്കെടുക്കുവാൻ താൽപര്യമുള്ളവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രണ്ടു ദിവസത്തെ പരിശീലനത്തിന് 500

രൂപയാണ് ഫീസ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നമ്പർ 9495118208, 8078440720.

## കാർഷിക യന്ത്രങ്ങൾ - ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ക്ഷീരസംഗമവേദിയിൽ

കാർഷിക യന്ത്രങ്ങൾ 50 ശതമാനം മുതൽ 80 ശതമാനം വരെ സബ്സിഡിയിൽ വിതരണം ചെയ്യുന്ന SMAM പദ്ധതിയുടെ ഓൺലൈൻ രജിസ്ട്രേഷൻ തിരുവനന്തപുരം കനകക്കുന്നിൽ 25 മുതൽ 28 വരെ നടക്കുന്ന ക്ഷീര സംഗമം എക്സിബിഷനിൽ ലഭ്യമാണെന്ന് തിരുവനന്തപുരം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: 9746420915.

## .ക്ഷീരസംഗമം

ക്ഷീരവികസന വകുപ്പിന്റെയും ക്ഷീര മേഖലയിലെ വിവിധ ഏജൻസികളുടെയും ആഭിമുഖ്യത്തിൽ സംസ്ഥാന ക്ഷീരസംഗമം തിരുവനന്തപുരം കനകക്കുന്നിൽ വച്ച് നടന്നുവരുന്നു. ക്ഷീര സംഗമത്തിന്റെ മൂന്നാം ദിവസമായ ഇന്ന് ജ്വാല 2020 എന്ന പേരിൽ വനിതസംഗമവും, നൂതന പദ്ധതികളുടെ അവതരണം, ത്രിതല പഞ്ചായത്ത് ഭാരവാഹികളുടെ ശില്പശാല, സംസ്ഥാന ഫോഡർ സെമിനാർ, സാങ്കേതിക ശില്പശാല എന്നിവ. കൂടാതെ സൈബർ ഇടങ്ങളിലെ സ്ത്രീ സുരക്ഷ, ജീവിചര്യയും സമയ ക്രമീകരണവും, ക്ഷീരസമൃദ്ധിക്ക് തീറ്റപ്പുൽക്കൃഷി, പാരമ്പര്യേതര കാലിത്തീറ്റ വിളകൾ, പാൽ സംസ്കരണ ശൃംഖലയും ശുചിത്വവും, വിവരസാങ്കേതിക വിദ്യയും ക്ഷീരസഹകരണ മേഖലയും എന്നീ വിഷയങ്ങളിൽ സെമിനാറും ഉണ്ടായിരിക്കുന്നതാണ്.